**ഭരണഭാഷ മാതൃഭാഷ**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**ഹയർ സെക്കൻഡറി വിഭാഗം**
**ജഗതി, തിരുവനന്തപുരം**
**ഇ-മെയിൽ: dirdhse.dge@kerala.gov.in**
**ഫോൺ: 0471-2580752**

**നമ്പർ:എച്ച്.എസ്.ഇ/7197/2025- എഡി എ2** **തീയതി:02-05-2025**

## കുറിപ്പ്

സർ,

വിഷയം: പൊ.വി.വ-ഹ.സെ.വി- ഔദ്യോഗികഭാഷ- രസീതുകൾ ദ്വിഭാഷയിൽ (ഇംഗ്ലീഷ് & മലയാളം) അച്ചടിച്ച് ലഭ്യമാക്കുന്നത്- സംബന്ധിച്ച്

സൂചന: സർക്കുലർ നമ്പർ. ഒ.എൽ-3/67/2022-പി & എ ആർ ഡി, തീയതി: 08/04/2025

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിലെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് രസീതുകൾ ദ്വിഭാഷയിൽ (ഇംഗ്ലീഷ് & മലയാളം) അച്ചടിച്ച് ലഭ്യമാക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം ലഭ്യമായ സർക്കുലർ അറിവിലേക്കും, തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

Signed by
Santhosh Kumar .r
Date: 02-05-2025 18:44:41

പകർപ്പ്,

1. ജോയിന്റ് ഡയറക്ടർ (എക്സാം)
2. ജോയിന്റ് ഡയറക്ടർ(അക്കാദമിക്)
3. സീനിയർ ഫിനാൻസ് ഓഫീസർ
4. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
5. എല്ലാ പ്രിൻസിപ്പൽമാർക്കും (പോർട്ടൽ മുഖേന)
6. കരുതൽ ഫയൽ/ അധികം

"ഭരണഭാഷ-മാതൃഭാഷ"

കേരളസർക്കാർ

നം. ഒ എൽ-3/67/2022-പി&എആർഡി
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-04-2025

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ് - രസീതുകൾ ദ്വിഭാഷയിൽ (ഇംഗ്ലീഷ് & മലയാളം) അച്ചടിച്ച് ലഭ്യമാക്കുന്നതു സംബന്ധിച്ച്

സൂചന:- നിയമസഭാസെക്രട്ടറിയുടെ 27.03.2023 തീയതിയിലെ 853/ഒ.എൽ.സി 2/2006/കെ.എൽ.എസ് നമ്പർ കത്ത്

സർക്കാർ ഓഫീസുകളുടെയും വാഹനങ്ങളുടെയും ബോർഡുകൾ, ഔദ്യോഗിക സീലുകൾ, വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഫാറങ്ങൾ, രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ അത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വകുപ്പുകളോട് ആരായാൻ സൂചന പ്രകാരം ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) നിർദേശിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ രസീതുകൾ ഏതു ഭാഷയിലായിരിക്കണമെന്നതു സംബന്ധിച്ച് നിർദേശങ്ങളൊന്നും നൽകിയിട്ടില്ല. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.

നിലവിൽ രസീതുകൾ ഏതു ഭാഷയിലായിരിക്കണമെന്നതു സംബന്ധിച്ച് നിർദേശങ്ങളൊന്നും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ, കേരളത്തിലെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് രസീതുകൾ ദ്വിഭാഷയിൽ (ഇംഗ്ലീഷ് & മലയാളം) അച്ചടിച്ച് ലഭ്യമാക്കണമെന്ന് എല്ലാ വകുപ്പുതലവന്മാർക്കും എല്ലാ സർക്കാർ, അർധസർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണസ്ഥാപനമേധാവികൾക്കും നിർദേശം നൽകുന്നു.

ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

എല്ലാ ജില്ലാകളക്ടർമാർക്കും/ എല്ലാ വകുപ്പുതലവന്മാർക്കും/ എല്ലാ ജില്ലാമേധാവികൾക്കും
സർക്കാർനിയന്ത്രണത്തിലുള്ള പൊതുമേഖല/ അർധസർക്കാർ/ സഹകരണ/
സ്വയംഭരണസ്ഥാപനങ്ങളുടെ തലവന്മാർക്ക്.
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.